# കേരള സർക്കാർ
# പൊതുവിദ്യാഭ്യാസ വകുപ്പ്

## ഡി.എൽ.എഡ്. ഭാഷാവിഷയങ്ങൾ
## (അറബിക്, ഉറുദു, സംസ്കൃതം, ഹിന്ദി)

# പരീക്ഷാ വിജ്ഞാപനം
# ഒക്ടോബർ 2026

# &

## 2015-16 ഡിപ്ലോമ ഇൻ ലാംഗ്വേജ്
## എഡ്യുക്കേഷൻ സപ്ലിമെന്ററി

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12

No. EX/H1/30405/2026/CGE

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര
തിരുവനന്തപുരം-12
തീയതി : 18.08.2026

## വിജ്ഞാപനം

വിഷയം:- പൊതുവിദ്യാഭ്യാസം - പരീക്ഷാ ഭവൻ - ഡിപ്ലോമ ഇൻ എലിമെന്ററി എജ്യൂക്കേഷൻ (സംസ്കൃതം, അറബിക്, ഉറുദു, ഹിന്ദി) 2024-26 ബാച്ചിന്റെ നാലാം സെമസ്റ്റർ, 2025-2027 ബാച്ചിന്റെ രണ്ടാം സെമസ്റ്റർ റഗുലർ & സപ്ലിമെന്ററി പരീക്ഷ ഒക്ടോബർ 2026, 2015-16 ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യുക്കേഷൻ (അറബിക്, ഉറുദു, ഹിന്ദി) സപ്ലിമെന്ററി - പരീക്ഷകളുടെ വിജ്ഞാപനം – സംബന്ധിച്ച്.

സൂചന:-
1) സ.ഉ (കൈ) നം.30/19/പൊ.വി.വ. തീയതി 07.03.2019.
2) സ.ഉ.(സാധാ) നം.3451/2019/പൊ.വി.വ. തീയതി, 29.08.2019.
3) സ.ഉ.(സാധാ) നം. 5445/2022/പൊ.വി.വ., തീയതി 16/09/2022.
4) സ.ഉ.(സാധാ) നം. 3131/2026/പൊ.വി.വ., തീയതി 03/06/2026.

********

2006-07 മുതൽ നടത്തിയിരുന്ന ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യൂക്കേഷൻ (സംസ്കൃതം, അറബിക്, ഉറുദു, ഹിന്ദി) കോഴ്സിന്റെ കാലാവധി രണ്ട് വർഷമായി ദീർഘിപ്പിക്കുകയും, സൂചന (2) ഉത്തരവ് പ്രകാരം സംസ്കൃതം കൂടി ഉൾപ്പെടുത്തി ടി കോഴ്സിന്റെ പേര് സൂചന (1) ഉത്തരവ് പ്രകാരം ഡിപ്ലോമ ഇൻ എലിമെന്ററി എജ്യൂക്കേഷൻ (അറബിക്, ഉറുദു, സംസ്കൃതം, ഹിന്ദി) എന്ന പേരിൽ പുനർനാമകരണം ചെയ്തിട്ടുണ്ട്. ഈ കോഴ്സിന്റെ **2024-26 ബാച്ചിന്റെ നാലാം സെമസ്റ്റർ, 2025-2027 ബാച്ചിന്റെ രണ്ടാം സെമസ്റ്റർ റഗുലർ & സപ്ലിമെന്ററിയുടെയും, സൂചന (4) സർക്കാർ ഉത്തരവ് പ്രകാരം 2015-16 ബാച്ചിന്റെ ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യുക്കേഷൻ (അറബിക്, ഉറുദു, ഹിന്ദി) സപ്ലിമെന്ററി** പരീക്ഷയുടെയും പരീക്ഷാ വിജ്ഞാപനം ചുവടെ ചേർക്കുന്നു.

## രണ്ടാം സെമസ്റ്റർ പരീക്ഷ സംബന്ധിച്ച വിവരം

1. 07.03.2019 ലെ സർക്കാർ ഉത്തരവ് നമ്പർ 30/2019/പൊ.വി.വ പ്രകാരം 2019-21 അധ്യായന വർഷം മുതൽ പുതുക്കിയ പാഠ്യ-പദ്ധതി അനുസരിച്ചാണ് പരീക്ഷ നടത്തുന്നത്.
2. രണ്ടാം സെമസ്റ്ററിൽ ആകെ 9 പേപ്പറുകളാണ് ഉള്ളത്.
3. തിയറി പരീക്ഷ, നിരന്തര വിലയിരുത്തൽ, സ്കൂൾ അനുഭവ പരിപാടി എന്നിങ്ങനെ 3 പാർട്ടുകളായാണ് വിലയിരുത്തൽ നടത്തുന്നത്.
4. 251, 252, 261 എന്നീ പേപ്പറുകൾക്ക് തിയറി പരീക്ഷയും 255-ാം പേപ്പറിന് പ്രായോഗിക പരീക്ഷയും 251, 252, 253, 255, 257, 258, 259, 260 എന്നീ പേപ്പറുകൾക്ക് നിരന്തര വിലയിരുത്തലും 253, 257, 258, 259 എന്നീ പേപ്പറുകൾക്ക് സ്കൂൾ അനുഭവ പരിപാടിയുമാണ് നടത്തുന്നത്.
5. തിയറി പരീക്ഷയിൽ 251, 252, എന്നീ പേപ്പറുകൾക്ക് 70 സ്കോറും 255, 261 എന്നീ പേപ്പറുകൾക്ക് 30 സ്കോർ വീതമാണുള്ളത്.

6. നിരന്തര വിലയിരുത്തലിൽ 251,252, 253 പേപ്പറുകൾക്ക് 20 സ്കോറും 255, 257, 258, 259, 260 എന്നീ പേപ്പറുകൾക്ക് 10 സ്കോർ വീതമാണുള്ളത് .

7. സ്കൂൾ അനുഭവ പരിപാടിയിൽ 253-ാം പേപ്പറിന് 20 സ്കോറും 257, 258, 259 എന്നീ പേപ്പറുകൾക്ക് 10 സ്കോർ വീതമാണുള്ളത്.

8. 251, 252 എന്നീ പേപ്പറുകൾക്ക് 70 സ്കോറിന് പൊതു പരീക്ഷയും, നിരന്തര വിലയിരുത്തലിന് 20 സ്കോറും ചേർത്ത് ആകെ 90 സ്കോറിനാണ് വിലയിരുത്തൽ നടക്കുന്നത്.

9. 255-ാം പേപ്പറിന് പൊതു പരീക്ഷയ്ക്ക് 30 സ്കോറും നിരന്തര വിലയിരുത്തലിന് 10 സ്കോറും ചേർത്ത് ആകെ 40 സ്കോറിനാണ് വിലയിരുത്തൽ നടത്തുന്നത്.

10. 261-ാം പേപ്പറിന് തിയറി പരീക്ഷയ്ക്ക് 30 സ്കോർ മാത്രമാണുള്ളത്.

11. 253-ാം പേപ്പറിന് നിരന്തര വിലയിരുത്തലിന് 20 സ്കോറും സ്കൂൾ അനുഭവ പരിപാടിക്ക് 20 സ്കോറും ചേർത്ത് ആകെ 40 സ്കോറാണുള്ളത്.

12. 257, 258, 259 എന്നീ പേപ്പറുകൾക്ക് നിരന്തര വിലയിരുത്തലിന് 10 സ്കോർ വീതവും സ്കൂൾ അനുഭവ പരിപാടിയ്ക്ക് 10 സ്കോറും ചേർത്ത് ആകെ 20 സ്കോറിനാണ് വിലയിരുത്തൽ നടത്തുന്നത്.

13. 260-ാം പേപ്പറിന് നിരന്തര വിലയിരുത്തലിന് 10 സ്കോർ മാത്രമാണുള്ളത്.

14. രണ്ടാം സെമസ്റ്ററിൽ നിരന്തര വിലയിരുത്തലിന് 110 സ്കോറും തിയറി പരീക്ഷയ്ക്ക് 200 സ്കോറും സ്കൂൾ അനുഭവ പരിപാടിയ്ക്ക് 50 സ്കോറും ചേർത്ത് ആകെ 360 സ്കോറിനാണ് വിലയിരുത്തൽ നടത്തുന്നത്.

**പാർട്ട് I (തിയറി പരീക്ഷ)**

| പേപ്പർ | വിഷയം | സ്കോർ | സമയം |
|---|---|---|---|
| 251 | വിദ്യാഭ്യാസ മന:ശാസ്ത്രം - പഠനവും പഠന പ്രക്രിയയും | 70 | $2\frac{1}{2}$ മണിക്കൂർ |
| 252 | പാഠ്യ-പദ്ധതിയും, ജനാധിപത്യ വിദ്യാഭ്യാസവും | 70 | $2\frac{1}{2}$ മണിക്കൂർ |
| 255 | വിവര വിനിമയ സാങ്കേതിക വിദ്യയും, പഠന ബോധന പ്രക്രിയയും (പ്രായോഗിക പരീക്ഷ) | 30 | $1\frac{1}{4}$ മണിക്കൂർ |
| 261 | ഇംഗ്ലീഷ്, ഭാഷാധ്യാപനം-സമീപനവും രീതിയും | 30 | $1\frac{1}{4}$ മണിക്കൂർ |

**പാർട്ട് II (നിരന്തര വിലയിരുത്തൽ)**

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 251 | വിദ്യാഭ്യാസ മന:ശാസ്ത്രം - പഠനവും പഠന പ്രക്രിയയും | 20 |
| 252 | പാഠ്യ-പദ്ധതിയും ജനാധിപത്യ വിദ്യാഭ്യാസവും | 20 |
| 253 | പാഠ്യ-പദ്ധതി, ബോധന ശാസ്ത്രം, മൂല്യനിർണ്ണയം (1), അറബിക്/ഹിന്ദി/സംസ്കൃതം/ഉറുദു | 20 |
| 255 | വിവര വിനിമയ സാങ്കേതിക വിദ്യയും, പഠന ബോധന പ്രക്രിയയും ((പ്രായോഗിക പരീക്ഷ) | 10 |
| 257 | ഗണിതം-പഠനവും ബോധനവും (1) | 10 |
| 258 | കല, പ്രവൃത്തി വിദ്യാഭ്യാസം-ബോധന ശാസ്ത്രം | 10 |
| 259 | ആരോഗ്യ കായിക വിദ്യാഭ്യാസം (1) | 10 |
| 260 | മലയാള ഭാഷാധ്യാപനം-സമീപനവും രീതിയും | 10 |

**പാർട്ട് III (സ്കൂൾ അനുഭവ പരിപാടി)**

| പേപ്പർ | വിഷയം | സ്കോർ |
| --- | --- | --- |
| 253 | പാഠ്യ-പദ്ധതി, ബോധന ശാസ്ത്രം, മൂല്യനിർണ്ണയം (1), അറബിക്/ഹിന്ദി/സംസ്കൃതം/ഉറുദു | 20 |
| 257 | ഗണിതം-പഠനവും ബോധനവും (1) | 10 |
| 258 | കല, പ്രവൃത്തി വിദ്യാഭ്യാസം-ബോധന ശാസ്ത്രം | 10 |
| 259 | ആരോഗ്യ കായിക വിദ്യാഭ്യാസം (1) | 10 |

**ഗ്രേഡിംഗ്**

| സ്കോർ | ഗ്രേഡ് |
| --- | --- |
| 90%-100% | A+ |
| 80%-89% | A |
| 70%-79% | B+ |
| 60%-69% | B |
| 50%-59% | C+ |
| 40%-49% | C |
| Below 40% | D+ |

പരീക്ഷയ്ക്ക് വിജയിക്കുന്നതിന് എല്ലാ പേപ്പറുകളുടെയും എഴുത്തു പരീക്ഷ, നിരന്തര മൂല്യനിർണയം, സ്കൂൾ അനുഭവ പരിപാടി എന്നിവയ്ക്ക് സി+ ഗ്രേഡ് (50%) എങ്കിലും നേടിയിരിക്കണം.

**പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള യോഗ്യതകൾ**

**റഗുലർ വിഭാഗം**

2025-2027 വർഷം ഈ കോഴ്സിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് രണ്ടാം സെമസ്റ്ററിൽ 85% ഹാജർ ഉണ്ടെങ്കിൽപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**സപ്ലിമെന്ററി വിഭാഗം (രണ്ടാം സെമസ്റ്റർ)**

2019-2021, 2020-22, 2021-23, 2022-24, 2023-25, 2024-26 ബാച്ചുകളുടെ രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

**നാലാം സെമസ്റ്റർ പരീക്ഷ സംബന്ധിച്ച വിവരം**

1. 07.03.2019 ലെ സർക്കാർ ഉത്തരവ് നമ്പർ 30/2019/പൊ.വി. പ്രകാരം 2019-21 അധ്യയന വർഷം മുതൽ പുതുക്കിയ പാഠ്യ-പദ്ധതി അനുസരിച്ചാണ് പരീക്ഷ നടത്തുന്നത്.
2. നാലാം സെമസ്റ്ററിൽ ആകെ 4 പേപ്പറുകളാണ് ഉള്ളത്.
3. പൊതുപരീക്ഷ, നിരന്തര വിലയിരുത്തൽ, സ്കൂൾ അനുഭവ പരിപാടി എന്നിങ്ങനെ 3 പാർട്ടുകളായാണ് വിലയിരുത്തൽ നടത്തുന്നത്.

4. 454, 458 എന്നീ പേപ്പറുകളിൽ പൊതു പരീക്ഷയും 451, 452, 454 എന്നീ പേപ്പറുകളിൽ നിരന്തര വിലയിരുത്തലും 452, 454, 458 എന്നീ പേപ്പറുകളിൽ സ്കൂൾ അനുഭവ പരിപാടിയുമാണ് നടത്തുന്നത്.
5. പൊതുപരീക്ഷയിൽ 454-ാം പേപ്പറിന് 90 സ്കോറും 458-ാം പേപ്പറിന് 50 സ്കോറുമാണുള്ളത്.
6. നിരന്തര വിലയിരുത്തലിൽ 451-ാം പേപ്പറിന് 10 സ്കോറും 452, 454 എന്നീ പേപ്പറുകൾക്ക് 20 സ്കോർ വീതമാണുള്ളത്.
7. സ്കൂൾ അനുഭവ പരിപാടിയിൽ 452-ാം പേപ്പറിന് 20 സ്കോറും 454-ാം പേപ്പറിന് 40 സ്കോറും 458-ാം പേപ്പറിന് 100 സ്കോറുമാണുള്ളത്.
8. 454-ാം പേപ്പറിന് 90 സ്കോറിന് പൊതുപരീക്ഷയും 20 സ്കോറിന് നിരന്തര വിലയിരുത്തലും സ്കൂൾ അനുഭവ പരിപാടിക്ക് 40 സ്കോറും കൂടി ആകെ 150 സ്കോറിനാണ് വിലയിരുത്തൽ നടത്തുന്നത്.
9. 455-ാം പേപ്പറിന് 50 സ്കോറിന് പൊതു പരീക്ഷയും 100 സ്കോറിന് സ്കൂൾ അനുഭവ പരിപാടിയും കൂടി ആകെ 150 സ്കോറിനാണ് വിലയിരുത്തൽ നടത്തുന്നത്.
10. 451-ാം പേപ്പറിന് നിരന്തര വിലയിരുത്തലിന് 10 സ്കോർ മാത്രമാണുള്ളത്.
11. 452-ാം പേപ്പറിന് നിരന്തര വിലയിരുത്തലിന് 20 സ്കോറും സ്കൂൾ അനുഭവ പരിപാടിയ്ക്ക് 20 സ്കോറും ചേർത്ത് 40 സ്കോറിനാണ് വിലയിരുത്തൽ നടത്തുന്നത്.
12. നാലാം സെമസ്റ്ററിൽ നിരന്തര വിലയിരുത്തലിന് 50 സ്കോറും പൊതുപരീക്ഷയ്ക്ക് 140 സ്കോറും സ്കൂൾ അനുഭവ പരിപാടിയ്ക്ക് 160 സ്കോറും ഉൾപ്പെടെ 350 സ്കോറിനാണ് വിലയിരുത്തൽ നടത്തുന്നത്.

## പാർട്ട് I (പൊതു പരീക്ഷ)

| പേപ്പർ | വിഷയം | സ്കോർ | സമയം |
|---|---|---|---|
| 454 | ഭാഷാ വിദ്യാഭ്യാസത്തിലെ ആധുനിക പ്രവണതകളും പ്രൊഫഷണലിസവും (II) (അറബിക്/ഉറുദു/ സംസ്കൃതം/ഹിന്ദി) | 90 | 3 മണിക്കൂർ |
| 458 | കല, പ്രവൃത്തി വിദ്യാഭ്യാസവും ആരോഗ്യ കായിക വിദ്യാഭ്യാസവും | 50 | 2 മണിക്കൂർ |

## പാർട്ട്II (നിരന്തര വിലയിരുത്തൽ)

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 451 | വിദ്യാഭ്യാസ മനഃശാസ്ത്രം- പ്രായോഗിക അനുഭവങ്ങൾ - II | 10 |
| 452 | വിദ്യാലയ അനുഭവം | 20 |
| 454 | ഭാഷാ വിദ്യാഭ്യാസത്തിലെ ആധുനിക പ്രവണതകളും പ്രൊഫഷണലിസവും (II) (അറബിക്/ഉറുദു/സംസ്കൃതം/ഹിന്ദി) | 20 |

## പാർട്ട് III (സ്കൂൾ അനുഭവ പരിപാടി)

| പേപ്പർ | വിഷയം | സ്കോർ |
|---|---|---|
| 452 | വിദ്യാലയ അനുഭവം | 20 |
| 454 | ഭാഷാ വിദ്യാഭ്യാസത്തിലെ ആധുനിക പ്രവണതകളും പ്രൊഫഷണലിസവും (II) (അറബിക്/ഉറുദു/സംസ്കൃതം/ഹിന്ദി) | 40 |
| 458 | കല പ്രവൃത്തി വിദ്യാഭ്യാസവും ആരോഗ്യ കായിക വിദ്യാഭ്യാസവും | 40 |
| | സാമൂഹ്യ സമ്പർക്ക സഹവാസ ക്യാമ്പ് | 40 |
| | പഠനയാത്ര | 20 |

## ഗ്രേഡിംഗ്

| സ്കോർ | ഗ്രേഡ് |
|---|---|
| 90%-100% | A+ |
| 80%-89% | A |
| 70%-79% | B+ |
| 60%-69% | B |
| 50%-59% | C+ |
| 40%-49% | C |
| Below 40% | D+ |

പരീക്ഷയ്ക്ക് വിജയിക്കുന്നതിന് എല്ലാ പേപ്പറുകളുടെയും എഴുത്തു പരീക്ഷ, നിരന്തര മൂല്യനിർണയം, സ്കൂൾ അനുഭവ പരിപാടി എന്നിവയ്ക്ക് സി+ ഗ്രേഡ് (50%) എങ്കിലും നേടിയിരിക്കണം.

## പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള യോഗ്യതകൾ

### റഗുലർ വിഭാഗം

2024-2026 വർഷംഇൗ കോഴ്സിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് നാലാം സെമസ്റ്ററിൽ 85% ഹാജർ ഉണ്ടെങ്കിൽ നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

### സപ്ലിമെന്ററി വിഭാഗം (നാലാം സെമസ്റ്റർ)

2019-2021, 2020-22, 2021-23, 2022-24, 2023-25 ബാച്ചുകളുടെ നാലാം സെമസ്റ്റർ പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷിക്കാ-വുന്നതാണ്.

### 2015-2016 ബാച്ചിന്റെ ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യുക്കേഷൻ (അറബിക്, ഉറുദു, ഹിന്ദി) സപ്ലിമെന്ററി

സൂചന (4) പ്രകാരം ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യുക്കേഷൻ (അറബിക്, ഉറുദു, ഹിന്ദി,) സപ്ലിമെന്ററി പരീക്ഷകൾക്ക് അപേക്ഷിക്കാവുന്നതാണ്. 2015-16

ബാച്ചിലെ സപ്ലിമെന്ററി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ നിശ്ചിത ഫീസ് ഉൾപ്പെടെ അപേക്ഷയും അനുബന്ധ രേഖകളും പരീക്ഷാഭവൻ എച്ച് സെക്ഷനിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.

## തിയറി പരീക്ഷ

| പേപ്പർ | വിഷയം | സ്കോർ | സമയം |
|---|---|---|---|
| പേപ്പർ I | എഡ്യുക്കേഷൻ & സൊസൈറ്റി | 100 | $2\frac{1}{2}$ മണിക്കൂർ |
| പേപ്പർ II | ലേണിംഗ് & സൈക്കോളജി | 100 | $2\frac{1}{2}$ മണിക്കൂർ |
| പേപ്പർ III | മോഡേൺ ട്രൻഡ്സ് ഇൻ എഡ്യുക്കേഷൻ | 100 | $2\frac{1}{2}$ മണിക്കൂർ |
| പേപ്പർ IV | ലാംഗ്വേജ് ലേണിംഗ് തിയറി & പ്രാക്ടീസ് | 100 | $2\frac{1}{2}$ മണിക്കൂർ |
| പേപ്പർ V | ലാംഗ്വേജ് & ലാംഗ്വേജ് ലേണിംഗ് | 100 | $2\frac{1}{2}$ മണിക്കൂർ |

## പരീക്ഷാ രജിസ്ട്രേഷൻ

**18/08/2026 മുതൽ 22/08/2026** വരെയുള്ള തീയതികളിൽ പരീക്ഷാ രജിസ്ട്രേഷനും വെരിഫിക്കേഷനും നടത്തേണ്ടതാണ്.

എല്ലാ സ്ഥാപനങ്ങളും തുടർ മൂല്യ നിർണ്ണയ സ്കോർ **22/08/2026** മുതൽ ആരംഭിക്കേണ്ടതും 31/08/2026-ന് മുമ്പ് പരീക്ഷാ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

സെപ്തംബർ 28 മുതൽ ഒക്ടോബർ 08 വരെയുള്ള തീയതികളിൽ പ്രാക്ടിക്കൽ ബോർഡ് ചേരുകയും മാനകീകരണം പൂർത്തീകരിച്ച് പരീക്ഷാ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതുമാണ്.

## രജിസ്ട്രേഷൻ പ്രിന്റൗട്ട് (എ ലിസ്റ്റ്)

'എ' ലിസ്റ്റ് ഒറിജിനൽ ചലാൻ സഹിതം സെക്രട്ടറി, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ പരീക്ഷാ ഭവനിലേക്ക് അയച്ചു തരേണ്ടതാണ്.

## പരീക്ഷാ കേന്ദ്രങ്ങൾ

പരീക്ഷാ കേന്ദ്രങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

### D.El.Ed (SANSKRIT)

| Sl.No | Name of institution | Institution Code | Centre of Examination | Centre Code |
|---|---|---|---|---|
| 1 | DIET, Kozhikode (Vadakara) | 16701 | B.E.M.H.S.S. Vadakara | 16001 |

### D.El.Ed (URDU)

| Sl.No | Name of institution | Institution Code | Centre of Examination | Centre Code |
|---|---|---|---|---|
| 1 | Govt. ITE , Malappuram | 18702 | G.G.H.S.S. Malappuram | 18012 |
| 2 | Govt ITE for Women, Kozhikode | 17705 | Govt ITE for Women, Kozhikode | 17705 |

## D.El.Ed (ARABIC)

| Sl.No | Name of institution | Institution Code | Centre of Examination | Centre Code |
|---|---|---|---|---|
| 1 | Govt. I.T.E , Kollam | 41709 | Govt. Model Boys HSS, Kollam | 41056 |
| 2 | Govt.I.T.E, Malappuram | 18702 | GGHSS, Malappuram | 18012 |
| 3 | Govt.ITE for Women, Kozhikode | 17705 | Govt ITE for Women, Kozhikode | 17705 |
| 4 | Perfect ITE Perinthalmanna Malappuram | 18714 | GGHSS Perinthalmanna | 18059 |

## D.El.Ed (HINDI)

| Sl.No | Name of institution | Institution Code | Centre of Examination | Centre Code |
|---|---|---|---|---|
| 1 | Govt. Regional Institute of Language Training, PMG Junction, Thiruvananthapuram | 43708 | Govt. City VHSS, PMG Thiruvananthapuram | 43036 |
| 2 | Govt. Hindi Teacher Training Institute, Ramavarmapuram, Thrissur | 22705 | Govt. Model Girls HS Thrissur | 22055 |
| 3 | Malabar Hindi Prachar Kendra, Kondotty | 18713 | GVHSS Kondotty | 18008 |
| 4 | Perfect ITE, Perinthalmanna, Malappuram | 18714 | GGHSS, Perinthalmanna | 18059 |
| 5 | Bharat Hindi Prachara Kendram, Adoor | 38706 | GHSS , Vadakidathukavu | 38008 |

## Diploma in Language Education (Arabic & Urdu-2015-2016)

| Sl.No | Name of institution | Institution Code | Centre of Examination | Centre Code |
|---|---|---|---|---|
| 1 | Govt.I.T.E, Malappuram | 18702 | GGHSS, Malappuram | 18012 |

## Diploma in Language Education (Hindi-2015-2016)

| Sl.No | Name of institution | Institution Code | Centre of Examination | Centre Code |
|---|---|---|---|---|
| 1 | Govt. Regional Institute of Language Training, PMG Junction, Thiruvananthapuram | 43708 | Govt. City VHSS, PMG Thiruvananthapuram | 43036 |

## ഫീസ് നിരക്കുകൾ

രണ്ടാം സെമസ്റ്ററിലെ പൊതു പരീക്ഷയ്ക്കുള്ള ഫീസ് 100/ രൂപയും നാലാം സെമസ്റ്റർ പൊതുപരീക്ഷയ്ക്കുള്ള ഫീസ് 200/- രൂപയുമാണ്. ഫീസ് നിശ്ചിത ദിവസത്തിനുള്ളിൽ 0202-01-102-99 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. പട്ടിക ജാതി-പട്ടികവർഗ്ഗ, ഒ.ഇ.സി. വിഭാഗങ്ങളിൽ ഉൾപ്പെടുന്ന പരീക്ഷാർത്ഥികൾ ആദ്യ രണ്ട് ചാൻസുകൾക്ക് ഫീസടക്കേണ്ടതില്ല.

എല്ലാ വിഭാഗത്തിലുള്ള വിദ്യാർത്ഥികളും സർട്ടിഫിക്കറ്റിനുള്ള ഫീസായി 100/- രൂപ ഒടുക്കേണ്ടതാണ്. സർട്ടിഫിക്കറ്റിനുള്ള ഫീസൊടുക്കിയവർ ഫീസടക്കേണ്ടതില്ല. അത്തരത്തിൽ ഫീസൊടുക്കിയവർ പ്രസ്തുത ഫീസടച്ച ചലാന്റെ പകർപ്പ് അയച്ചുതരേണ്ടതാണ്.

നിശ്ചിത സമയപരിധിക്ക് ശേഷം 10/-രൂപ ഫൈനോടുകൂടി ഫീസ് ഒടുക്കേണ്ടതാണ്.

| | |
|---|---|
| 1,2 സെമസ്റ്റർ | 100/- രൂപ |
| 3,4 സെമസ്റ്റർ | 200/- രൂപ |
| ഒരു പേപ്പർ (പ്രൈവറ്റ് വിഭാഗം) | 50/- രൂപ |
| പ്രാക്ടിക്കൽ | 40/- രൂപ |
| ഫൈൻ | 10/- രൂപ |
| സർട്ടിഫിക്കറ്റ് | 100/- രൂപ |
| സൂക്ഷ്മ പരിശോധന (ഒരു പേപ്പറിന്) | 50/- രൂപ |
| പുനർ മൂല്യനിർണ്ണയം (ഒരു പേപ്പറിന്) | 400/- രൂപ |
| സപ്ലിമെന്ററി (2015-2016) | 50/- രൂപ |

## പരീക്ഷാ തീയതിയും സമയ വിവര പട്ടികയും

**രണ്ടാം സെമസ്റ്റർ (റഗുലർ &സപ്ലിമെന്ററി)**

| തീയതി | ദിവസം | സമയം | പേപ്പർ | വിഷയം |
|---|---|---|---|---|
| 05/10/2026 | തിങ്കൾ | 9.45 a.m-12.30 p.m | 251 | വിദ്യാഭ്യാസ മന: ശാസ്ത്രം പഠനവും പഠന പ്രക്രിയയും |
| 06/10/2026 | ചൊവ്വ | 9.45 a.m-12.30 p.m | 252 | പാഠ്യപദ്ധതിയും ജനാധിപത്യ വിദ്യാഭ്യാസവും |
| 07/10/2026 | ബുധൻ | 9.45 a.m-11.15 p.m | 261 | ഇംഗ്ലീഷ് ഭാഷാധ്യാപനം - സമീപനവും രീതിയും |
| 08/10/2026 | വ്യാഴം | 9.45 a.m-11.15 p.m | 255 | വിവര വിനിമയ സാങ്കേതിക വിദ്യയും പഠന ബോധന പ്രക്രിയയും ((പ്രായോഗിക പരീക്ഷ) |

**നാലാം സെമസ്റ്റർ (റഗുലർ & സപ്ലിമെന്ററി)**

| തീയതി | ദിവസം | സമയം | പേപ്പർ | വിഷയം |
|---|---|---|---|---|
| 06/10/2026 | ചൊവ്വ | 9.45 a.m-1.00p.m | 454 | ഭാഷാ വിദ്യാഭ്യാസത്തിലെ ആധുനിക പ്രവണതകളും പ്രൊഫഷണലിസവും (II) (അറബിക്/ഉറുദു/സംസ്കൃതം/ഹിന്ദി) |
| 08/10/2026 | വ്യാഴം | 9.45 a.m-12.00p.m | 458 | കല, പ്രവൃത്തി വിദ്യാഭ്യാസവും ആരോഗ്യ കായിക വിദ്യാഭ്യാസവും |

**2015-2016 ബാച്ചിന്റെ ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യുക്കേഷൻ (അറബിക്/ഉറുദു/ഹിന്ദി)**

| തീയതി | ദിവസം | സമയം | പേപ്പർ | വിഷയം |
|---|---|---|---|---|
| 05/10/2026 | തിങ്കൾ | 9.45 a.m-12.30 p.m | പേപ്പർ I | എഡ്യുക്കേഷൻ & സൊസൈറ്റി |
| 06/10/2026 | ചൊവ്വ | 9.45 a.m-12.30 p.m | പേപ്പർ II | ലേണിംഗ് & സൈക്കോളജി |
| 07/10/2026 | ബുധൻ | 9.45 a.m-12.30 p.m | പേപ്പർ III | മോഡേൺ ട്രെൻഡ്സ് ഇൻ എഡ്യുക്കേഷൻ |
| 08/10/2026 | വ്യാഴം | 9.45 a.m-12.30 p.m | പേപ്പർ IV | ലാംഗ്വേജ് ലേണിംഗ് തിയറി & പ്രാക്ടീസ് |
| 09/10/2026 | വെള്ളി | 9.30 a.m-12.00 p.m | പേപ്പർ V | ലാംഗ്വേജ് & ലാംഗ്വേജ് ലേണിംഗ് |

പരീക്ഷയുടെ ആരംഭത്തിലെ 15 മിനിട്ട് സമാശ്വാസ സമയമായിരിക്കും.

## സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങളും തീയതികളും

| | | | |
|---|---|---|---|
| 1 | പരീക്ഷാ ഫീസ് സ്വീകരിക്കേണ്ട അവസാന തീയതി | : | 01/09/2026 |
| 2 | ഫൈനോടുകൂടി പരീക്ഷാ ഫീസ് സ്വീകരിക്കേണ്ട തീയതി | : | 05/09/2026 |
| 3 | ലഭിച്ച ഫീസ് ട്രഷറിയിൽ ഒടുക്കേണ്ട അവസാന തീയതി | : | 08/09/2026 |
| 6 | പരീക്ഷാ ഭവൻ വെബ്സൈറ്റിൽ ഹാൾടിക്കറ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | : | 23/09/2026 |

## അഡ്മിഷൻ ടിക്കറ്റ്

പരീക്ഷാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് പരീക്ഷാ ഭവന്റെ (www.dledexam.kerala.gov.in) വെബ്സൈറ്റിൽ നിന്നും 24/09/2026 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കാത്ത വിദ്യാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

## പരീക്ഷാ ചെലവുകൾക്കുള്ള ഫണ്ട്

ചീഫ് സൂപ്രണ്ടുമാർ സ്കൂൾ സ്പെഷ്യൽ ഫീ ഫണ്ടിൽ നിന്നും ആവശ്യമായ തുക താൽക്കാലികമായി പിൻവലിച്ച് ഡി.എൽ.എഡ് പരീക്ഷ സംബന്ധിച്ചുള്ള ചെലവുകൾ വഹിക്കേണ്ടതാണ്. ചെലവായ തുകകളുടെ അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുവാനും റീ-കൂപ്പ് ചെയ്യുവാനുള്ള തുക അനുവദിക്കുവാനും 10.04.2012-ലെ ജി.ഒ(എം.എസ്) നം.112/12/പൊ.വി.വ. പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി നിർദ്ദിഷ്ട ഫോറത്തിൽ ചീഫ് സൂപ്രണ്ടുമാർ തങ്ങളുടെ സ്റ്റേറ്റ്മെന്റോടുകൂടി വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

## ഫലപ്രഖ്യാപനം

വിജ്ഞാപന പ്രകാരം അവസാന ദിവസത്തെ പരീക്ഷ കഴിഞ്ഞ് 3 മാസത്തിന് ശേഷം മാത്രമേ ഫലപ്രഖ്യാപനം നടത്തുകയുള്ളൂ. അതിന് മുമ്പേ ഫലപ്രഖ്യാപനം നടത്തണമെന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

## മാർക്ക് ലിസ്റ്റ് വിതരണം

പരീക്ഷാഫലം പ്രഖ്യാപിച്ചതിനു ശേഷം മാർക്ക് ലിസ്റ്റുകൾ വിതരണത്തിനായി ടി.ടി.ഐ.കളിൽ എത്തിക്കുന്നതാണ്. ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം മാർക്ക് ലിസ്റ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായി രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും, സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ മാർക്ക് ലിസ്റ്റ് വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇങ്ങനെയുള്ളവ പരീക്ഷാ ഭവനിൽ തിരികെ എത്തിച്ച് തെറ്റു തിരുത്തി വാങ്ങേണ്ടതാണ്.

## ഉത്തരകടലാസുകളുടെ സൂക്ഷ്മ പരിശോധനയും പുനർ മൂല്യ നിർണയവും

മൂല്യ നിർണയം നടത്തിയ ഉത്തര കടലാസുകളുടെ സൂക്ഷ്മ പരിശോധന, പുനർ മൂല്യനിർണയം എന്നിവയ്ക്കുള്ള അപേക്ഷ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം ഓൺലൈൻ മുഖേന നൽകി പ്രിന്റൗട്ട് എടുത്ത് അതത് ടി.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന പ്രിന്റൗട്ട് പരിശോധിച്ച് പ്രിൻസിപ്പാൾ ഓൺലൈൻ മുഖേന അപേക്ഷ വെരിഫൈ ചെയ്യേണ്ടതാണ്. ഓൺലൈൻ മുഖേന വെരിഫൈചെയ്യാത്ത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

നിശ്ചിത ഫീസ് പണമായി അപേക്ഷയോടൊപ്പം തന്നെ നൽകേണ്ടതാണ്. അപേക്ഷ കളും ഫീസും പരീക്ഷാ ഭവനിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.

## സൂക്ഷ്മ പരിശോധന( Scrutiny)

പരീക്ഷാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ പേപ്പർ 1 ന് 50/- രൂപ ക്രമത്തിൽ ഫീസ് ഒടുക്കി അപേക്ഷിക്കാവുന്നതാണ്.

## പുനർ മൂല്യ നിർണയം (Revaluation)

പരീക്ഷാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ പേപ്പർ1 ന് 400/- രൂപ ക്രമത്തിൽ ഫീസ് ഒടുക്കി അപേക്ഷിക്കാവുന്നതാണ്. പുനർ മൂല്യ നിർണയത്തിന് അപേക്ഷിക്കുന്നവർ അതേ പേപ്പറിന് സൂക്ഷ്മ പരിശോധനയ്ക്കുവേണ്ടി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല.

സൂക്ഷ്മ പരിശോധനയ്ക്കും പുനർ മൂല്യ നിർണയത്തിനും അപേക്ഷിക്കുന്നതിനുള്ള തീയതി അവസാനിച്ചതിന്റെ അടുത്ത ദിവസം സ്ഥാപന മേധാവികൾ അപേക്ഷ-കളുടെയും തുകയുടെ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് പരീക്ഷാ ഭവനിലേക്ക് ഇ-മെയിൽ അയക്കേണ്ടതാണ്. പുനർ മൂല്യ നിർണ്ണയത്തിന്റെ ഫലം പരീക്ഷാഭവൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പുനർ മൂല്യ നിർണയം വഴിയോ, സൂക്ഷ്മ പരിശോധനയിലൂടെയോ ഗ്രേഡ് മാറ്റം വന്ന വിദ്യാർത്ഥികൾക്ക് തിരികെ നൽകിയതിനു ശേഷമുള്ള തുക '02-02-01-102-92 അദർ റെസീറ്റ്' എന്ന ശീർഷകത്തിൽ അടച്ച് ചലാന്റെ പകർപ്പ് പരീക്ഷാ ഭവനിലേക്ക് അയച്ചു നൽകേണ്ടതാണ്. പുനർ മൂല്യ നിർണയം വഴി ഗ്രേഡ് മാറ്റം നേടിയവർ-ക്കുള്ള മാർക്ക് ലിസ്റ്റ് ബന്ധപ്പെട്ട ടി.ടി.ഐ.വഴി വിതരണം ചെയ്യുന്നതാണ്.

## രജിസ്ട്രേഷൻ റദ്ദാക്കൽ

പരീക്ഷാർത്ഥികളുടെ രജിസ്ട്രേഷൻ റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ അനുബന്ധമായി നൽകിയിരിക്കുന്ന ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷ അയക്കുന്ന കവറിനു മുകളിൽ ഡി.ഇ.എൽ.ഇ.ഡി പരീക്ഷാർത്ഥിത്വം റദ്ദാക്കു-ന്നതിനുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തേണ്ടതാണ്.

## പൊതു നിർദേശങ്ങൾ

1. പരീക്ഷാ ഫീസ്, സർട്ടിഫിക്കറ്റ് ഫീസ് എന്നിവ ഒടുക്കിയ ഒറിജിനൽ രസീത്, ആകെ വിദ്യാർത്ഥികളുടെ എണ്ണം, പരീക്ഷാ ഫീസിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ എണ്ണം ഫീസടച്ചവരുടെ വിവരം എന്നിവയുടെ അബ്സ്ട്രാക്റ്റ് തയ്യാറാക്കി പരീക്ഷാ ഭവനിലേക്ക് അയക്കേണ്ടതാണ്.
2. ഫീസ് ഒടുക്കിയതിൽ കുറവോ, രസീത് നൽകാതിരിക്കുകയോ ചെയ്യുന്നവർക്ക് അഡ്മിഷൻ ടിക്കറ്റ് അനുവദിക്കുന്നതല്ല.
3. ഫീസ് രസീത്, 'എ' ലിസ്റ്റ് എന്നിവ നിശ്ചിത തീയതിയിൽ തന്നെ പരീക്ഷാ ഭവനി-ലേക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം സ്ഥാപന മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.
4. പരീക്ഷാ ഹാളിൽ എന്തെങ്കിലും ക്രമക്കേട് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുടർന്ന് പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല.
5. പരീക്ഷാ ഹാളിൽ സെൽഫോൺ അനുവദിക്കുന്നതല്ല.

6. പരീക്ഷാ സമയ വിവര പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്തിൽ നിന്നും താമസിച്ചു ഹാജരാകുന്നവരെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

സാങ്കേതിക സംശയ നിവാരണത്തിന് ബന്ധപ്പെടേണ്ട നമ്പർ – 0471-2546832, 0471-2546833

ഇ-മെയിൽ - helpdesk.dled@gmail.com

പരീക്ഷാ കമ്മീഷണർ

## ANNEXURE-A

## D.El.Ed (ARABIC, HINDI, URDU, SANSKRIT)
## 2nd & 4th SEMESTER EXAMINATION OCTOBER 2026

## APPLICATION FOR REGISTRATION

| | | |
|---|---|---|
| 1 | Admission Number | |
| 2 | Name (In block letter as in SSLC) | |
| 3 | Sex | |
| 4 | Religion & Caste | |
| 5 | Date of birth | |
| 6 | Address | |
| 7 | Medium of instruction | |
| 8 | Regional Language opted | |
| 9 | Whether Regular/Private | |
| 10 | Papers for which appearing | |
| 11 | Reg.No. and Year of previous appearing (for private candidates only) | |
| 12 | Details of fee remitted | |

This is to certify that the above mentioned facts are true to the best of my knowledge and belief.

Place: Signature:

Date: Name:

## ANNEXURE-B

## D.El.Ed (ARABIC, HINDI, URDU, SANSKRIT)
## 2nd & 4th SEMESTER EXAMINATION OCTOBER 2026

## IDENTIFICATION CERTIFICATE

| |
|---|
| **Photo** |

Identifying officer should sign across photograph

1. Name of the Candidate :

2. Address :

3. Name, designation and office of the attesting officer :

4. Signature of the Candidate :

   (To be signed in the presence of the identifying officer)

I, ............................................................hereby attest the signature and photograph of Sri/Smt ..........................................................................................................

.........................................................................................................................

who is a Regular candidate/Private candidate of the D.El.Ed Second/Fourth Semester Examination 2026.

Place:

Date: Office Seal **Signature of the Attesting Officer**

## ANNEXURE-C

## D.El.Ed (ARABIC, HINDI, URDU, SANSKRIT)
## 2nd & 4th SEMESTER EXAMINATION OCTOBER 2026

## Application for Cancellation of Candidature

| | | |
|---|---|---|
| 1. | Centre No | : |
| 2. | Educational District | : |
| 3. | Name of Candidate | : |
| 4. | Register No. | : |
| 5. | Name of T.T.I. | : |
| 6. | Reason for cancellation | : |
| 7. | Documents submitted as proof | : |
| 8. | Whether removed from the roll | : |
| 9. | If Yes, reason for the same and date of removal | : |
| 10. | Whether participated in the practical examination | : |
| 11. | Other details if any | : |
| 12. | Signature of the Guardian | : |

The above mentioned statements are true. Hence, the request to cancel the candidature is recommended.

Place:

Date:

**School Seal** **Signature of the Principal**

## ANNEXURE-D

## D.El.Ed (ARABIC, HINDI, URDU, SANSKRIT)
## $2^{nd}$& $4^{th}$SEMESTER EXAMINATION OCTOBER 2026

## APPLICATION FOR REVALUATION OF ANSWER SCRIPT

1. Register Number :
2. Name of candidate :
3. Name of TTI in which studied :
4. Name of Educational District :
5. Details of papers for which Revaluation is applied : (Details may be furnished below)

| Sl.No. | Name of paper (Medium of Subject should be specified) | Grade obtained for the Semester Exam |
|---|---|---|
| | | |
| | | |
| | | |

6. Details of fee remitted at Rs.400/- per paper (Rupees Four Hundred only) to the concerned I.T.E.

| Receipt No. | Date | Amount |
|---|---|---|
| | | |

Place:

Date: **Signature of the Candidate**

Note: - The application should be submitted through the I.T.E. Principal concerned and the prescribed fee should be collected by the Principal from the candidate at the time of submission of application for revaluation.

## ANNEXURE-E

## DIPLOMA IN LANGUAGE EDUCATION
## (SANSKRIT ARABIC, HINDI, URDU)-2016
## SUPPLEMENTARY EXAMINATION OCTOBER 2026

## APPLICATION FOR REGISTRATION

| | | |
|---|---|---|
| 1 | Admission Number | |
| 2 | Name (In block letter as in SSLC) | |
| 3 | Sex | |
| 4 | Religion & Caste | |
| 5 | Date of birth | |
| 6 | Address | |
| 7 | Medium of instruction | |
| 8 | Regional Language opted | |
| 9 | Whether Regular/Private | |
| 10 | Papers for which appearing | |
| 11 | Reg.No. and Year of previous appearing<br>(for private candidates only) | |
| 12 | Details of fee remitted | |

This is to certify that the above mentioned facts are true to the best of my knowledge and belief.

Place: Signature:

Date: Name: